പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6917 02.11.2011 ൽ മറുപടിയ്ക്ക്

## പൈതൃക കെട്ടിടങ്ങളുടെ സംരക്ഷണത്തിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. എ. വാഹിദ്:<br>ശ്രീ. വി.റ്റി. ബൽറാം:<br>ശ്രീ. ബെന്നി ബെഹനാൻ:<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ: | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പുമന്ത്രി) |
| (എ) റവന്യൂ വകുപ്പിലുള്ള പൈതൃക കെട്ടിടങ്ങളുടെ സംരക്ഷണത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | (എ) സംസ്ഥാനത്താകെയുള്ള പൈതൃക മന്ദിരങ്ങളെ കണ്ടെത്തി സംരക്ഷിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. 2010-11 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആദ്യമായി വില്ലേജ് ആഫീസുകളുടെ നവീകരണത്തിനും പൈതൃക മന്ദിരങ്ങളുടെ സംരക്ഷണത്തിനുമായി 3.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ടി തുകയിൽ ഉൾപ്പെടുത്തി തൃശൂർ താലൂക്ക് ആഫീസ് പരമ്പരാഗത വാസ്തു മാതൃകയിൽ സംരക്ഷിക്കുന്നതിന് 50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിക്കുകയും തുടർ നടപടികൾ നടന്നു വരികയും ചെയ്യുന്നു.<br><br>കണയന്നൂർ താലൂക്കാഫീസ്, കാർത്തികപ്പള്ളി താലൂക്കാഫീസ്, സെൻട്രൽ സർവ്വെ ആഫീസ് എന്നിവ പൈതൃക മന്ദിരങ്ങളായി സംരക്ഷിക്കുന്നതിന് ഈ സാമ്പത്തിക വർഷം 71,95,750/- രൂപയുടെ ഭരണാനുമതി നൽകിട്ടുണ്ട്. |
| (ബി) പൈതൃക കെട്ടിടങ്ങൾ തിരിച്ചറിയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; | (ബി) വാസ്തുശിൽപ വൈദഗ്ധ്യവും സാംസ്കാരിക തനിമയും ഒത്തിണങ്ങിയ ഗതകാല ചരിത്രത്തിന്റെ അവശേഷിപ്പുകളാണ് |

| | | | |
|---|---|---|---|
| | | | പൈതൃക കെട്ടിടങ്ങൾ. അത്തരത്തിലുള്ള കെട്ടിടങ്ങളെ കണ്ടെത്തി നവീകരണത്തിനാവശ്യമായ എസ്റ്റിമേറ്റ് സഹിതം ലിസ്റ്റ് സമർപ്പിക്കാൻ ജില്ലാ കളക്ടർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | തിരിച്ചറിയുന്ന കെട്ടിടങ്ങളെ പരിപാലന നടപടികളിലൂടെയും അറ്റകുറ്റപ്പണികൾ നടത്തിയും സംരക്ഷിക്കാൻ സ്വീകരിച്ചിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമാണ് ? | (സി) | 2010-11 സാമ്പത്തിക വർഷം മുതൽ പൈതൃക മന്ദിരങ്ങളുടെ സംരക്ഷണത്തിനായി ബഡ്ജറ്റിൽ തുക വകയിരുത്തുകയും ടി തുകയിൽ ഉൾപ്പെടുത്തി പൈതൃക മന്ദിരങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തി വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ